**അടിയന്തരപ്രമേയം**

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

മി. സ്പീക്കർ: സർക്കാർ പൊതുകമ്പോളത്തിൽ ഇടപെടാതെ പൊതുവിപണി മൊത്തക്കച്ചവടക്കാർക്ക് വിട്ടുകൊടുത്തിരിക്കുന്നതുമൂലം വിലക്കയറ്റത്തിൽ കുടുംബ ബഡ്ജറ്റ് താളംതെറ്റി ദുർബ്ബല വിഭാഗങ്ങളും സാധാരണക്കാരും പ്രതിസന്ധിയിലായിരിക്കുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, എം. ചന്ദ്രൻ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയതിൽ, ഗവൺമെന്റ് പിൻവാങ്ങൽ നടത്തിയെന്ന വ്യാഖ്യാനമാണ് കാണുവാൻ കഴിയുന്നത്. ഈ ഗവൺമെന്റ് മറ്റൊരു കാലഘട്ടത്തിലും ഇല്ലാത്തതുപോലെ ഏറ്റവും ശക്തമായ നിലയിൽ വിപണിയിൽ ഇടപെട്ടിട്ടുണ്ട്. ഗവൺമെന്റ് അധികാരത്തിൽ വന്ന് നാല് വർഷം പിന്നിടുമ്പോഴും എല്ലാ കാലഘട്ടങ്ങളിലും വളരെ കൃത്യതയോടെയുള്ള ഇടപെടൽ പൊതുവിപണിയിൽ

നടത്താൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഒരു കാലത്ത് ഉത്സവകാലങ്ങളിൽ മാത്രമായിരുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, വിപണിയിൽ ഇടപെട്ടിരുന്നതെങ്കിൽ അതിൽനിന്ന് വ്യത്യസ്തമായി 365 ദിവസവും വളരെ ശക്തമായ ഇടപെടൽ എല്ലാ സന്ദർഭങ്ങളിലും എല്ലാ മേഖലകളിലും നടത്തി പൊതുവിതരണ സംവിധാനത്തെ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സപ്ലൈകോ അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്നുവെന്ന നിലയിൽ ഒരു പരാമർശം നോട്ടീസിൽ കണ്ടു. സപ്ലൈകോ പുതിയതായി 103 മാവേലി സ്റ്റോറുകളും 5 സൂപ്പർ മാർക്കറ്റുകളും ഉൾപ്പെടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 115 ഔട്ട്ലെറ്റുകൾ കേരളത്തിൽ ആരംഭിച്ച സാഹചര്യത്തിൽ അടച്ചുപൂട്ടുന്നുവെന്ന വ്യാഖ്യാനം കൊടുക്കുന്നത് നിർഭാഗ്യകരമാണ്. പുതുതായി ഏകദേശം 15-ഓളം സഞ്ചരിക്കുന്ന മൊബൈൽ മാവേലി സ്റ്റോറുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ആദിവാസി ഊരുകളിലും തീരദേശ പ്രദേശങ്ങളിലും നിത്യോപയോഗ സാധനങ്ങൾ എത്തിക്കാനുള്ള സാഹചര്യമാണ് ഗവൺമെന്റ് ഇതുവഴി ഒരുക്കിയിട്ടുള്ളത്. വിപണി ഇടപെടലുകളിൽ നിന്ന് പിൻവാങ്ങിയെന്നുള്ള ആക്ഷേപം ഉന്നയിക്കുമ്പോൾ ഞാൻ ഒരു കാര്യംകൂടി പറയാം. 2010-11-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 118 കോടി

രൂപയായിരുന്ന സപ്ലൈകോ മുഖാന്തിരമുള്ള വിപണി ഇടപെടലിനായി മാറ്റിവച്ചതെങ്കിൽ ഈ ഗവൺമെന്റ് കഴിഞ്ഞ സാമ്പത്തിക വർഷം 261 കോടി രൂപ വകയിരുത്തി, സബ്സിഡി ഇനത്തിൽ സപ്ലൈകോ വഴി ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിച്ചിട്ടുണ്ട്. അരിയുടെ പൊതുവിപണി വില നല്ല രീതിയിൽ കുറഞ്ഞുവരുന്നത് കാണാൻ സാധിക്കുന്നുണ്ട്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്ക് പ്രകാരമാണ് ഞാൻ പറയുന്നത്. 2013-ൽ 35 മുതൽ 37 രൂപ വരെ ഉണ്ടായിരുന്ന അരിയുടെ പൊതുവിപണി വില ഇപ്പോഴത്തെ കണക്കനുസരിച്ച് 30 മുതൽ 32 രൂപ വരെയായി കുറഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ അരിയുടെ പൊതുവിപണി വില നല്ല തോതിൽ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ഫലപ്രദമായ ഇടപെടൽ നടത്തിയതുകൊണ്ട് മാത്രമാണ്. ചെറുപയർ, ഉഴുന്ന് തുടങ്ങിയ പൾസസിന്റെ കാര്യത്തിൽ ചെറിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതിനുകാരണം, കാലാവസ്ഥ വ്യതിയാനം ഉൾപ്പെടെയുള്ള എക്സ്റ്റേണൽ ഫോഴ്സ്സാണ്. നേരിയ തോതിൽ വില വർദ്ധനവ് വന്നപ്പോഴും കൂടുതൽ ക്വാണ്ടിറ്റി മാർക്കറ്റിൽ എത്തിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിൽ ഇടപെടുന്നതുവഴി ശക്തമായ നിലയിൽ വില നിയന്ത്രിച്ച് നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ

വില നിയന്ത്രിച്ച് നിർത്തുവാൻ കഴിയുന്നത് ശക്തമായ പൊതുവിതരണ സംവിധാനം ഉള്ളതുകൊണ്ടാണ്. അതല്ലെങ്കിൽ ഈ നിലയിലായിരിക്കില്ല കമ്പോള വിലയെന്ന് പറയുവാൻ കൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയോടുള്ള ബഹുമാനസൂചകമായി തന്നെ പറയുകയാണ്. 'അനുഭവങ്ങളില്ലാത്ത ബുദ്ധി കോരിവയ്ക്കാൻ പാത്രമില്ലാത്ത ജലം പോലെ ഉപയോഗശൂന്യമാണ്' എന്ന് ചൈനീസ് പഴമൊഴിയുണ്ട്. സത്യത്തിൽ ഈ ഗവൺമെന്റ് പൊതുവിതരണ സമ്പ്രദായത്തിൽ ഇടപെടുന്നത് ഉപയോഗശൂന്യമാണ്. അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട കാര്യം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 116 കോടി രൂപയും യു.ഡി.എഫ്. ഗവൺമെന്റ് 267 കോടി രൂപയും പൊതുകമ്പോളത്തിൽ ഇടപെടാൻ ചെലവഴിച്ചുവെന്നതാണ്. എന്നിട്ടും എന്തുകൊണ്ടാണ് പൊതുകമ്പോളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇടപെട്ടകാലത്ത് വില കുറഞ്ഞതുപോലെ ഇപ്പോൾ വില കുറയാത്തത്? എല്ലാ സാധനങ്ങളുടെയും വില ഞാൻ പറയുന്നില്ല. 2011-ൽ ഒരു കിലോ വറ്റൽ മുളകിന് 45 രൂപയായിരുന്നത് ഇപ്പോൾ 100 രൂപയാണ്. ഇത് കമ്പോളത്തിൽ നിന്നെടുത്ത ഡാറ്റയാണ്. അന്ന്

ഒരു കിലോ ചെറുപറയർ 63 രൂപയായിരുന്നത് ഇപ്പോൾ 98 രൂപയാണ്. വെളിച്ചെണ്ണ വില 2006-ൽ 55 രൂപയും 2011-ൽ 108 രൂപയും ആയിരുന്നത് ഇപ്പോൾ 130 രൂപയാണ്. പൊതുകമ്പോളത്തിലെ വിലയെന്നുപറയുന്നത് സിവിൽ സപ്ലൈസിന്റെ കമ്പോള വിലയാണ്. ജീരകം 90 രൂപയായിരുന്നത് ഇപ്പോൾ 204 രൂപയാണ്. കടുക് 22 രൂപയായിരുന്നത് 60 രൂപയാണ്. ഉലുവ 28 രൂപയായിരുന്നത് 85 രൂപയാണ്. അങ്ങ് പറയുന്നതുപോലെ ഇടപെടൽ നടത്തി 267 കോടി രൂപ ഫലപ്രദമായി അഴിമതിയില്ലാതെ ഏതെങ്കിലും വലിയ മാർക്കറ്റ് കൊള്ളക്കാരെ ഏൽപ്പിക്കാതെ അതിന്റെ കമ്മീഷനൊന്നുമില്ലാതെ പൊതുജനങ്ങൾക്കുവേണ്ടി ചെലവഴിച്ചെങ്കിൽ എന്തുകൊണ്ട് ഈ സാധനങ്ങളുടെ വില കുറയുന്നില്ല? ഉഴുന്ന്, കടല തുടങ്ങിയ സാധാനങ്ങൾ നിങ്ങളുടെ ഒരു കടകളിലും കിട്ടാനില്ല. ലഭ്യമായ നിത്യോപയോഗ സാധനങ്ങൾക്ക് നിങ്ങളുടെ മാർക്കറ്റിൽത്തന്നെ തീവിലയാണ്. ഒരു കാര്യം സത്യമാണ്, കേരളത്തിലിപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഒന്നിലും ക്യൂ ഇല്ല. കേരളത്തിൽ ക്യൂ ഉള്ള ഏക സ്ഥലം ഇവിടെ പലപ്പോഴും പരാമർശിച്ചിട്ടുള്ളതുപൊലെ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് മാത്രമാണ്. എന്തുകൊണ്ടാണ് അവിടെ ക്യൂ ഇല്ലാതായത്; നിങ്ങൾ പറയുന്നത് വിറ്റുവരവിന്റെ കാര്യമാണ്. വിറ്റുവരവിന്റെ

കാര്യം പറഞ്ഞാൽ ആളുകൾ കൂടുതൽ സാധനങ്ങൾ വാങ്ങുന്നതുകൊണ്ടല്ല, ഇപ്പോൾ 45 രൂപയുള്ള സാധനം 104 രൂപയ്ക്ക് വാങ്ങുമ്പോൾ പകുതി ആളുകൾ വാങ്ങിയാൽത്തന്നെ വിറ്റുവരവ് കഴിഞ്ഞതുപോലെയായി. കമ്പോളത്തിൽ ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നില്ലായെന്നുള്ളതാണ് യഥാർത്ഥ പ്രശ്നം. കമ്പോളത്തിൽ ഇടപെടാൻ കഴിയാത്ത സാഹചര്യം വരുമ്പോൾ വേറൊരു ധർമ്മസങ്കടംകൂടി കേരളത്തിൽ നിഴലിക്കുന്നുണ്ട്. മനുഷ്യന്റെ വാങ്ങൽ ശേഷി ഇത്രത്തോളം കുറഞ്ഞ ഒരുകാലം കേരളത്തിലുണ്ടായിട്ടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം റബ്ബറിന്റെ വിലയിടിവാണ്. റബ്ബറിന്റെ വില 240 രൂപയിൽനിന്ന് 120, 125, 110 എന്ന നിരക്കിൽ കുറഞ്ഞുവരുമ്പോൾ കേരളത്തിൽ മനുഷ്യന്റെ വാങ്ങൽശേഷി കുറയുന്നുവെന്ന് മാത്രമല്ല, അതുമായി ബന്ധപ്പെട്ട് അനുബന്ധമായി ജീവിക്കുന്ന സാധാരണ മനുഷ്യന്റെ ജീവിതത്തിൽ വല്ലാത്തൊരു സ്തംഭനാവസ്ഥയും തകർച്ചയുമുണ്ടാവുകയും ചെയ്തു. ഏലത്തിന്റെ വിലയും താഴോട്ടാണ്. ഇതുകാരണം കേരളത്തിൽ പരമ്പരാഗത മേഖല പ്രതിസന്ധിയിലാണ്. കൊല്ലം ജില്ലയിൽ ധാരാളം കശുവണ്ടി തൊഴിലാളികളുണ്ട്. കശുവണ്ടി ഫാക്ടറികൾ മിക്കവാറും പൂട്ടികിടക്കുകയാണ്. കയർ മേഖല മിക്കവാറും സ്തംഭനത്തിലാണ്. തോട്ടം മേഖല മിക്കവാറും പ്രതിസന്ധിയിലാണ്. ഇപ്പോൾ

ട്രോളിംഗ്കൂടി ആയപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖല നിശ്ചലമാണ്. ഇങ്ങനെ വരുന്ന ഒരു കാലത്ത് മനുഷ്യന്റെ കയ്യിൽ പണമില്ലാതാകുകയും ഈ മനുഷ്യൻ വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും കമ്പോളത്തിൽ വില ക്രമാതീതമായി ഉയരുകയും ചെയ്യുമ്പോൾ, മനുഷ്യന്റെ വാങ്ങൽ ശേഷി ഇല്ലാതാകുകയും ജീവിതത്തിലൊരു സ്തംഭനാവസ്ഥയുണ്ടാകുകയും ചെയ്യുന്നു. കേരളത്തിലെ മറ്റൊരു വകുപ്പാണ് കൃഷി വകുപ്പ്. കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന പച്ചക്കറിയുടെ വിലയെന്താണ്; 2014 മെയ് മാസത്തിൽ സവാളയ്ക്ക് 25 രൂപയായിരുന്നു. ഇപ്പോൾ 35 രൂപയായി. 2014 മെയ് മാസത്തിൽ കിഴങ്ങ് 20 രൂപയായിരുന്നത് ഇപ്പോൾ 30 രൂപയാണ്. തക്കാളി 25 രൂപയായിരുന്നത് 35 രൂപയും, കാരറ്റ് 25 രൂപയായിരുന്നത് 50 രൂപയും മുരിങ്ങക്ക 50 രൂപയായിരുന്നത് 70 രൂപയും ബീൻസ് 40 രൂപയായിരുന്നത് 60 രൂപയായും മുളക് 30 രൂപയായിരുന്നത് 40 രൂപയായും വർദ്ധിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ കൺസ്യൂമർ ഫെഡിന്റെ കീഴിൽ നന്മ സ്റ്റോർ ആരംഭിച്ച് അതുമായി ബന്ധപ്പെട്ട പൊതുവിതരണ സംവിധാനവും ഉത്സവകാലങ്ങളിൽ ഏറെ ഇടങ്ങളിലും അല്ലാത്തിടത്ത് നിശ്ചിതമായ അളവിലും കേരളത്തിൽ അരിക്കും പലവ്യഞ്ജന സാധനങ്ങൾക്കും നിത്യോപയോഗ സാധനങ്ങൾക്കും വിലകുറച്ച് കൊടുക്കാനുള്ള ഒരു

സംവിധാനമുണ്ടായിരുന്നു. കേരളത്തിലിന്ന് ആ സംവിധാനത്തിന്റെ സ്ഥിതി എന്താണ്? മന്ത്രി പറഞ്ഞത് കേരളത്തിൽ അരിയുടെ വില 36 രൂപയിൽനിന്ന് 32 രൂപയായി എന്നാണ്. 2013-2015 കാലഘട്ടത്തിലെ വിലനിലവാരമാണ് പറയുന്നത്. ഇതെല്ലാം യു.ഡി.എഫ്.-ന്റെ കാലത്താണ്. കേരളത്തിൽ മൊത്തം വരുന്ന അരി ഉപയോഗം 38 ലക്ഷമാണെങ്കിൽ 12 ലക്ഷത്തോളം അരി 21 രൂപയ്ക്കും 16 രൂപയ്ക്കും ഗവൺമെന്റ് സംവിധാനത്തിൽ കമ്പോളത്തിൽ കൊടുത്താണ് ഞങ്ങൾ അരിയുടെ വില പിടിച്ചുനിർത്തിയത്. ഇപ്പോൾ അരിയുടെ വില കുറച്ചോ, സബ്സിഡി നൽകിയോ, മൊത്തം കേരളത്തിൽ ഒരു വർഷം വിതരണം ചെയ്യുന്ന അരിയുടെ കണക്ക് അങ്ങേയ്ക്ക് പറയാമോ? 25 കിലോഗ്രാം അരി 1 രൂപയ്ക്ക് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കൊടുക്കുന്നുണ്ട് എന്നാണ് പറയുന്നത്, എത്രയാണ് കൊടുക്കുന്നത്? കൊടുക്കുന്നില്ലായെന്ന് മാത്രമല്ല സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിലകുറച്ച് ഒരു വർഷം എത്ര രൂപയുടെ അരിയാണ് കമ്പോളത്തിൽ കൊടുക്കുന്നത്? മൊത്തം ചെലവാകുന്ന ഏത് ഉൽപ്പന്നത്തിന്റെയും ഒരു നിശ്ചിതമായ അളവ് കമ്പോളത്തിൽ ഗവൺമെന്റ് സംവിധാനത്തിലൂടെ എത്തിയാൽ മാത്രമെ ഒരു ഉൽപ്പന്നത്തിന്റെ വില പിടിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്തെ കണക്ക്

അങ്ങ് എടുക്കണം, മൊത്തം കമ്പോളത്തിൽ ഒരു ഉൽപ്പന്നത്തിന്റെ എത്ര ശതമാനമാണ് സിവിൽ സപ്ലൈസ് വകുപ്പ് വഴിയും നന്മ സ്റ്റോറുകൾ വഴിയും മറ്റ് സംവിധാനങ്ങൾ വഴിയും റേഷൻ കടകൾ വഴിയും പൊതു കമ്പോളത്തിൽ പൊതു ഉപഭോഗത്തിന് എത്തിച്ചത്, ഇപ്പോൾ എത്രയാണ് എത്തിക്കുന്നത്? സാധനങ്ങൾ എത്തിക്കുന്നതിന്റെ കുറവുകൊണ്ട് ഗവൺമെന്റിന് വിലയിൽ ഒരു ഇടപെടൽ നടത്താൻ സാധിക്കുകയില്ല. പൊതു കമ്പോളത്തിലെ ലാഭമെടുക്കുന്ന മുതലാളിമാർക്ക് പൊതു കമ്പോളത്തിൽ ഇടപെടൽ നടത്താൻ സാധിക്കുകയും ചെയ്യും. മറ്റൊരുദാഹരണം, ലൂസായി കുറഞ്ഞ വിലയ്ക്ക് വിറ്റുകൊണ്ടിരുന്ന ഉലുവ, കടുക്, ജീരകം എന്നീ സാധനങ്ങൾ ഇപ്പോൾ കവറിലാക്കി ശബരി ബ്രാൻഡിൽ വിൽക്കാൻ തുടങ്ങിയപ്പോൾ എം.ആർ.പി. വർദ്ധിപ്പിച്ചതിന്റെ ഫലമായി ഈ സാധാനങ്ങൾക്കെല്ലാം പൊതു കമ്പോളത്തിലെ വിലയുമായി ഏതാണ്ട് അടുത്ത് നിൽക്കുന്ന വിലയാണ്. കൂടാതെ പാക്കിംഗിന് തൊഴിലാളിക്ക് കൂലിയായി ഒരു കവറിന് 50 പൈസ നൽകുമ്പോൾ ഉപഭോക്താവിൽനിന്ന് വാങ്ങുന്നത് 1.50 രൂപയാണ്. അവിടെയും ഒരു രൂപ ഈ കോർപ്പറേഷൻ കൊള്ളയടിക്കുകയാണ്. 2015 മാർച്ച് മുതൽ കോർപ്പറേഷൻ സാധനങ്ങൾ നൽകാൻ പുതിയ കവർ ഉണ്ടാക്കിയിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു രൂപ,

രണ്ട് രൂപ, മൂന്ന് രൂപ നിരക്കിൽ കവറുണ്ടായിരുന്നു. 3 രൂപയുടെ കവറിൽ അന്ന് 25 കിലോഗ്രാം സാധനങ്ങൾ കൊണ്ടുപോകാമായിരുന്നു. ഇപ്പോൾ കവറിന്റെ വില 6 രൂപ, 8 രൂപ, 14 രൂപ എന്നീ ക്രമത്തിലാണ്. അപ്പോൾ 14 രൂപയുടെ കവറിൽ 5 കിലോഗ്രാം സാധനങ്ങൾ പോലും കൊണ്ടുപോകാൻ സാധിക്കില്ല. കമ്മീഷൻ കിട്ടാവുന്ന തരത്തിൽ നിരുത്തരവാദപരമായി ഇതിന്റെയൊക്കെ ഉത്തരവാദിത്വം ആരെയെങ്കിലും ഏൽപ്പിക്കുന്നത് എന്തിനാണ്? കവറിലാണെങ്കിലും പാക്കിംഗിലാണെങ്കിലും വിൽപ്പനയിലാണെങ്കിലും വിലയിലാണെങ്കിലും ഇടപെടൽ നടത്തുന്നുവെന്ന് പറയുമ്പോൾ, അത് പൊതു കമ്പോളത്തിൽ മനുഷ്യന് അവന്റെ വാങ്ങൽ ശേഷിയനുസരിച്ച് വാങ്ങാവുന്ന തരത്തിൽ കിട്ടാവുന്ന ഒരു അന്തരീക്ഷമുണ്ടാക്കുമ്പോഴാണ് പൊതു ഇടപെടൽ നടക്കുന്നത്. അല്ലാതെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നല്ല, ഒരു രൂപ കൊണ്ട് നിങ്ങൾക്ക് മൂല്യപരമായി ചെലവഴിച്ച് ഒരിടപെടൽ നടത്താം. അതുപോലെതന്നെ 10 രൂപ കൊണ്ട് ഒരു മൂല്യവും ഇല്ലാതെ ചെലവഴിച്ചാൽ ഇടപെടൽ നടത്താൻ സാധിക്കുകയില്ല. കേരള ഗവൺമെന്റ് വൈദ്യുതി ചാർജ്ജ് വളരെയധികം വർദ്ധിപ്പിച്ചു. ജൂലൈ മാസത്തിൽ 35 ശതമാനം ചാർജ് വീണ്ടും വർദ്ധിപ്പിക്കുമെന്നാണ് ഇപ്പോൾ റെഗുലേറ്ററി കമ്മീഷൻ പറയുന്നത്. കേരളത്തിലെ മനുഷ്യർക്ക് താങ്ങാൻ സാധിക്കുമോ; കേരളത്തിൽ

കഴിഞ്ഞ ബഡ്ജറ്റ് വന്നപ്പോൾ എല്ലാത്തിനും വിലകൂട്ടി. സർവ്വീസ് മേഖലയിൽ മുഴുവൻ വിലകൂട്ടി. ടാക്സസ് മുഴുവൻ വർദ്ധിപ്പിച്ചു, അതിന്റെ ഫലമെന്താണ്, മുദ്രപത്രത്തിന്റെ വില അഞ്ചിരട്ടിയാണ് വർദ്ധിപ്പിച്ചത്. മുദ്രപത്രത്തിന് 100 രൂപയുണ്ടായിരുന്ന സ്ഥാനത്ത് 500 രൂപയായി. കെ.എസ്.ഇ.ബി.-യിൽ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ടവർക്കാണ് വലിയ ഇരുട്ടടിയാകുന്നത്. ഭൂരിപക്ഷംപേരും ബി.പി.എൽ.-കാരാണ്. ഫ്രീ കണക്ഷന് സി.ഡി. അടയ്ക്കേണ്ടതില്ലാ എന്നൊക്കെയാണ് ബോർഡ് പറയുന്നത്. എന്നാൽ സർവ്വീസ് കണക്ഷന് എഗ്രിമെന്റ് വയ്ക്കുന്നതിന് 100 രൂപ പത്രത്തിനുപകരം ഇപ്പോൾ 500 രൂപ പത്രം വേണം. പ്രോപ്പർട്ടി ക്രോസിംഗുണ്ടെങ്കിൽ വേറൊരു 500 രൂപ പത്രം വേണം. കൺസ്യൂമർ പേര് മാറ്റിയെടുക്കണമെങ്കിലും 500 രൂപ പത്രം വേണം. എങ്ങനെയാണ് കേരളത്തിലെ ബി.പി.എൽ. വിഭാഗത്തിലെ ഒരാൾ ഒരു പുതിയ വൈദ്യുതി കണക്ഷനെടുക്കുന്നത്? വൈദ്യുതിക്ക് വിലകൂട്ടിയാലും വൈദ്യുതി കിട്ടുകയില്ല, ശ്രീ. ആര്യാടൻ മുഹമ്മദ് മലപ്പുറത്തുനിന്ന് തിരുവനന്തപുരത്തുള്ളതു പോലെയാണ്. മിക്കവാറും വൈദ്യുതി ഉണ്ടാവുകയില്ല. കേരളത്തിൽ ടാക്സ് ഇല്ലാത്ത ഒരേയൊരു വസ്തു ശവപ്പെട്ടിയാണ്. ആ ശവപ്പെട്ടിക്ക് ടാക്സ് വർദ്ധിപ്പിക്കാതിരിക്കുന്നതൊരു അനുഗ്രഹമാണ്. കാരണം, ആധുനിക

കണക്കനുസരിച്ച് ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ ആത്മഹത്യചെയ്യുന്നത് കേരളത്തിലാണ്. വർഷത്തിൽ 10,000 പേരാണ് കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് കേരളത്തിൽ ആത്മഹത്യ ചെയ്തത്. റബ്ബറിന് വിലയില്ലാതായാൽ, കശുവണ്ടി തൊഴിലാളികൾക്ക് തൊഴിലില്ലാതെയായാൽ, കേരളത്തിൽ വാങ്ങുന്ന സാധനങ്ങൾക്കെല്ലാം വിലകൂടിയാൽ മനുഷ്യൻ കൊടുക്കുന്നതിന് അൽപ്പംപോലും വില കിട്ടാതെയായാൽ, എടുക്കാൻതന്നെ ആളില്ലാതായാൽ, വലിയൊരു പ്രതിസന്ധിവന്നാൽ കേരളത്തിലെ വാങ്ങൽശേഷി നഷ്ടപ്പെടുമ്പോൾ അന്തസ്സ് കാക്കാൻ മനുഷ്യന് രണ്ട് വഴിയേയുള്ളൂ, ഒന്നുകിൽ വഴിതെറ്റണം, അല്ലെങ്കിൽ മാനം കാക്കാൻ മരിക്കണം, രണ്ടാമത്തെ വഴിയാണ് സാധാരണക്കാർ സ്വീകരിക്കുന്നത്. ഒന്നാമത്തെ വഴി സ്വീകരിക്കുന്നതാരാണെന്ന് എല്ലാപേർക്കുമറിയാം. 2011-ലെയും 2014-ലെയും 2015-ലെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും മറ്റ് പൊതുവിതരണ സമ്പ്രദായത്തിന്റെയും എല്ലാ സാധനങ്ങളുടെയും വിലയുടെ കണക്കുണ്ട്. കേന്ദ്ര ഗവൺമെന്റ് അവിടെ കൊല്ലുന്ന രാജാവാണെങ്കിൽ ഇവിടെ തിന്നുന്ന മന്ത്രിയാണ്. അവർ പെട്രോൾ-ഡീസലിന്റെ വില കഴിഞ്ഞ ഫെബ്രുവരി ഒന്ന് മുതൽ ജൂൺ 15 വരെയാകുമ്പോൾ നാലരമാസം കൊണ്ട് വർദ്ധിപ്പിച്ചത് 12-ലധികം രൂപയാണ്. തിരുവനന്തപുരം ജില്ലയിലെ പെട്രോൾ, ഡീസൽ വിലയുടെ

കണക്കാണ് ഇത്. 2015 ഫെബ്രുവരി മാസം ഒന്നാം തീയതി 63.69 പൈസയാണ്. ഇത് 2015 ജൂൺ മാസം 16-ാം തീയതി 75.01 പൈസയാണ്. ഈ വില വർദ്ധിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇവിടെ പറഞ്ഞ ഒരു കാര്യമുണ്ട്. അവിടെ വർദ്ധിപ്പിച്ചാലും ഞങ്ങൾ ടാക്സ് വർദ്ധിപ്പാക്കാതെ സ്റ്റേറ്റ് ഗവൺമെന്റിന് ചെയ്യാവുന്നത് ചെയ്ത് നിങ്ങളെ സഹായിക്കും. 12 രൂപ വർദ്ധിക്കുന്ന കാലത്ത് നിങ്ങൾ ഒരു രൂപ സർചാർജ് വർദ്ധിപ്പിച്ചുവെന്നുമാത്രമല്ല ടാക്സ് വർദ്ധിപ്പിച്ച് വാങ്ങുകയും ചെയ്തു. കേന്ദ്രം വടികൊണ്ട് അടിക്കുകയാണെങ്കിൽ നിങ്ങൾ തടികൊണ്ട് അടിച്ച് ദ്രോഹിക്കുന്ന നയമാണ് സ്വീകരിക്കുന്നത്. ഈ നയങ്ങളെല്ലാം സ്വീകരിക്കുമ്പോൾ ഒരു കാര്യം ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുകയാണ്. നിങ്ങളുടെ വാക്കും ചിന്തയും പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവുമില്ല. വാക്കും ചിന്തയും പ്രവൃത്തിയും തമ്മിൽ സ്വരച്ചേർച്ചയോടുകൂടി പോകുമ്പോൾ മാത്രമാണ് നമുക്കും സാധാരണ ജനങ്ങൾക്കും സന്തോഷമുണ്ടാകുന്നത്. സാധാരണ മനുഷ്യർക്ക് സന്തോഷമുണ്ടാകുന്ന അല്ലെങ്കിൽ അവരുടെ ജീവിതത്തിന് കാവലാകുന്ന ഒരു നയവും ഈ വിലക്കയറ്റക്കാലത്ത് സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. കമ്പോളത്തിൽ സാധാരണ മനുഷ്യന്റെ വാങ്ങൽശേഷി നഷ്ടപ്പെട്ട് അവന് കമ്പോളത്തിൽ ബന്ധപ്പെടാൻ കഴിയാതെ അവൻ മുഖം

തിരിച്ചുനിൽക്കുമ്പോൾ, വീട് പട്ടിണിയാകുമ്പോൾ, കൊടുക്കുന്ന സാധനങ്ങൾക്ക് വിലയില്ലാതാകുമ്പോൾ..... കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികൾക്ക് ഇതുപോലെ തൊഴിലില്ലാതായ, അവരുടെ വാങ്ങൽശേഷി ഇതുപോലെ നഷ്ടമായ, കൊല്ലം കമ്പോളം ഇതുപോലെ നിർജ്ജീവമായ ഒരു കാലമില്ല. സിവിൽ സപ്ലൈസിന്റെ കമ്പോളം മാത്രമല്ല, പൊതുകമ്പോളം കേരളത്തിലെവിടേയും നിശ്ചലമാണ്. നിശ്ചലമായതിന്റെ പ്രതിഫലമാണ് ടാക്സ് പിരിവിൽ കേരളം അനുഭവിക്കുന്ന പ്രതിസന്ധി. കമ്പോളം പൊതുവേ നിശ്ചലമാവുകയും അതുകാരണം വിലകൂടി നിൽക്കുന്നിടത്ത് മനുഷ്യന് അവന്റെ കയ്യിലുള്ള പൈസയ്ക്ക് സാധനങ്ങൾ വാങ്ങി ജീവിക്കാൻ ഒരു സാഹചര്യമുണ്ടാക്കുകയും അത്താഴമെങ്കിലും മുടങ്ങാതിരിക്കാനുള്ള സൗകര്യം കേരളത്തിലുണ്ടാക്കികൊടുക്കുകയും ചെയ്യേണ്ട കാലത്ത് ഗവൺമെന്റുതന്നെ ഗവൺമെന്റ് വിൽക്കുന്ന സാധനങ്ങൾക്കെല്ലാം വില കൂട്ടുകയും പെട്രോളിന് ഓരോ ആഴ്ചയും വില മാറുകയും അതിൽ ഒരു സൗജന്യവും മനുഷ്യന് കിട്ടാതാവുകയും അതിന്റെപുറത്ത് സെസ്സ് ഏർപ്പെടുത്തുകയും കേരളത്തിലെ അത്താഴപട്ടിണിക്കാരുടെ എണ്ണം വർദ്ധിക്കുകയുമാണ് ചെയ്യുന്നത്. ഇന്നലെയും പത്രത്തിൽവന്നൊരു വാർത്തയാണ് അട്ടപ്പാടിയിലെ പുതൂരിൽ ഒരു ശിശുമരണം നടന്നുവെന്നത്. ശിശുമരണവും മാതൃമരണവും സംഭവിച്ചുകൊണ്ടിരിക്കുന്ന

കേരളത്തിലെ മനുഷ്യ ജീവിതത്തിന് വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്നു. ഇപ്പോൾ നോമ്പ് കാലമാണ്. നോമ്പ് പിടിക്കാൻ എളുപ്പമാണെങ്കിലും വൈകിട്ട് ആഹാരം കഴിച്ച് നോമ്പ് മുറിക്കാൻ എളുപ്പമുള്ളൊരു കാലമല്ല ഇപ്പോൾ. അതുകൊണ്ട് നോമ്പ് പിടിക്കുന്നവർ സത്യം മാത്രമേ പറയാവൂ. കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന ഒരു വാർത്ത, ഉണക്കിയ ചൂരയ്ക്ക് (മാസ്) ഒരു കിലോയ്ക്ക് ആയിരം രൂപയാണ്. എങ്ങനെ മനുഷ്യൻ ജീവിക്കും. എങ്ങനെ കേരളത്തിലെ സമീഹൃത ആഹാരം നിലനിറുത്തും. എങ്ങനെ ശരീരത്തിനാവശ്യമായ കലോറി കുഞ്ഞുങ്ങൾക്ക് കൊടുക്കും. എല്ലാം ഈ വിലക്കയറ്റംകൊണ്ട് താറുമാറായി ജീവിതം ദുസ്സഹമായി മാറിയിരിക്കുകയാണ്. ഗവൺമെന്റ് ചെയ്യേണ്ടത് പരമ്പരാഗത മേഖലയിലും സാധാരണ മേഖലയിലും മനുഷ്യന് ദുരിതകാലത്ത്, പനിക്കാലത്ത് പ്രത്യേകിച്ച് തീരദേശത്തും തോട്ടംതൊഴിലാളി മേഖലയിലും കശുവണ്ടി മേഖലയിലും കയർ മേഖലയിലും അവർക്ക് കഴിക്കാവുന്ന തരത്തിൽ സബ്സിഡിയോടെ ഒരു മാസത്തിൽ എത്രയെങ്കിലും തവണ ഫുഡ് കിറ്റ് കൊടുക്കാനുള്ള ഒരു സംവിധാനം ക്യാബിനറ്റ് ആലോചിച്ച് നടപ്പാക്കണമെന്നും ഈ സാഹചര്യം വിലയിരുത്താനും ചില പുതിയ നിർദ്ദേശങ്ങൾ സ്വരൂപിക്കാനും ഈ സാഹചര്യത്തെ പരിഗണിക്കാനും ഈ അടിയന്തരപ്രമേയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ബഹുമാനപ്പെട്ട അംഗം വിവിധ വിഷയങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ചില കാര്യങ്ങൾക്ക് ഞാൻ ആദ്യംതന്നെ മറുപടിയും പറഞ്ഞിരുന്നു. വിലക്കയറ്റം പല സന്ദർഭങ്ങളിൽ ഉണ്ടാകുന്നതിന് സ്വാഭാവികമായും ഒരുപാട് ഘടകങ്ങൾ അതിനകത്തുണ്ട്. അതിൽ ഒരു കാര്യം അദ്ദേഹംതന്നെ സൂചിപ്പിച്ചു. അതായത് ഡീസലിനുണ്ടാകുന്ന വില വർദ്ധനവ്. അദ്ദേഹം പറഞ്ഞ ആ കാര്യത്തോട് ഞാൻ നൂറുശതമാനം യോജിക്കുന്നു. ഡീസലിന്റെയും പെട്രോളിന്റെയുമൊക്കെ വില വർദ്ധനവ് സ്വാഭാവികമായും നമ്മുടെ കമ്പോളത്തിൽ വിപരീത ഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് അത്തരത്തിലുള്ള സമീപനങ്ങൾ തീർച്ചയായും എതിർക്കപ്പെടേണ്ടതുതന്നെയാണ്. അത്തരത്തിലുള്ള സാഹചര്യങ്ങൾ പലപ്പോഴും ചില സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്ന നിലയിലേയ്ക്ക് വരുന്നു എന്നുള്ളതാണ്. ചെറുപയർ, പരിപ്പ്, ഉഴുന്ന്, കടല ഇതെല്ലാം പരിശോധിച്ചാൽ ഇതിനകത്തൊരു വർദ്ധനവ് കാണുന്നുണ്ട്. വടക്കേ ഇന്ത്യയിലുണ്ടായ കാലാവസ്ഥാ വ്യതിയാനമടക്കമുള്ള വിഷയങ്ങൾ ഇതിന്റെയൊക്കെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്. അത്തരത്തിലുള്ള സാഹചര്യങ്ങളിലും കമ്പോള വിലയെ നിയന്ത്രിച്ചുനിറുത്താൻ കേരളത്തിലെ

സർക്കാരിന് കഴിയുന്നുണ്ട് എന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇവിടെ വില വർദ്ധിക്കുമ്പോഴും ഇത് നിയന്ത്രിക്കുന്നതിന് സാധ്യമാകുന്നത് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം വളരെ കൃത്യതയോടെ മുമ്പോട്ട് കൊണ്ടുപോകാൻ കഴിയുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ്. ഇതിന്റെയൊക്കെ ഉത്പാദനത്തിന്റെ കണക്ക് നമുക്കറിയാം. 15 ശതമാനം മാത്രമാണ് കേരളത്തിന്റെ ഉത്പാദനം. പൂർണ്ണമായും നമ്മളൊരു dependent state ആയിരിക്കുന്നു. സ്വാഭാവികമായും മറ്റുള്ള മേഖലകളിൽനിന്നും കടന്നുവരുമ്പോഴാണ് ഡീസൽ വില വർദ്ധനവും മാർക്കറ്റ് പ്രോസസ്സുകളും കാലാവസ്ഥാ വ്യതിയാനങ്ങളുമടക്കമുള്ള വിഷയങ്ങൾ നമ്മുടെ കമ്പോളത്തെ കടന്നാക്രമിക്കുന്നത്. അതിൽനിന്ന് സാധാരണക്കാരെ സംരക്ഷിക്കുകയെന്ന വലിയൊരു ഉത്തരവാദിത്തം തന്നെ ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ആ ഉത്തരവാദിത്തം കൃത്യതയോടെ നട<u>ത്തു</u>വാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ട്. കടുക്, ജീരകം, ഉലുവ തുടങ്ങിയ സാധനങ്ങളെക്കുറിച്ച് അദ്ദേഹം ഇവിടെ പരാമർശിക്കുകയുണ്ടായി. അങ്ങ് മനസ്സിലാക്കുവാനുള്ള ഒരു കാര്യം, 2012 മുതൽ 13 സബ്സിഡി ഐറ്റത്തിൽനിന്ന് ഈ മൂന്ന് സാധനങ്ങൾ ഞങ്ങൾ മാറ്റി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സബ്സിഡി ഐറ്റത്തിന്റെ എണ്ണം 13 ആണ്. 13 സബ്സിഡി ഐറ്റം ഉണ്ട് എന്നുപറയുമ്പോഴും അതിനകത്ത്

ജനങ്ങൾക്ക് പ്രയോജനപ്പെടുന്നത് ഏതൊക്കെയാണ്. കടുകും ജീരകവുമൊക്കെ എത്രമാത്രമാണ് ഒരു വീട്ടിൽ ആവശ്യമായി വരുന്നത്. അവയൊക്കെ കുറച്ച് ക്വാണ്ടിറ്റി മതിയാകും. ഞങ്ങൾ അത്തരത്തിലുള്ള സാധനങ്ങൾ സബ്സിഡി ഐറ്റത്തിൽനിന്ന് മാറ്റിയിട്ട് അതിനുപകരം അരിയും വെളിച്ചെണ്ണയും ഉൾപ്പെടുത്തി. ഇത്തരത്തിലുള്ള ക്രീയാത്മകമായ മാറ്റം 13 സബ്സിഡി സാധനങ്ങൾ റിവൈസ് ചെയ്തുകൊണ്ട് കൊണ്ടുവന്നു. 13 സബ്സിഡി ഇനത്തിൽ അരി ഉൾപ്പെടുത്തിയപ്പോൾ 2013-ൽ ഉണ്ടായിരുന്ന വിലയല്ല 2015 ആയപ്പോൾ. ഉൽപ്പാദനത്തിൽ വലിയ വർദ്ധനവ് കേരളത്തിലുണ്ടാകുന്നില്ല. പക്ഷെ മാർക്കറ്റ് വില കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. 13 സബ്സിഡി ഐറ്റത്തിൽ അരി ഉൾപ്പെടുത്തി സപ്ലൈകോ വഴിയും മാവേലി സ്റ്റോറുകൾ വഴിയും വിതരണം ചെയ്ത് അരിയുടെ വില നിയന്ത്രിച്ച് നിറുത്തുവാൻ കഴിഞ്ഞത് ഒരു പ്രധാന ഘടകംതന്നെയാണ്. 12 ലക്ഷം ടൺ അരി റേഷൻ കടയിലൂടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തുവെങ്കിൽ 16 ലക്ഷം മെട്രിക് ടൺ അരിയാണ് കഴിഞ്ഞ സാമ്പത്തിക വർഷം എ.ആർ.ഡി.-കൾ വഴി മാത്രം ഞങ്ങൾ വിതരണം ചെയ്തത്. 2010-11-ൽ 23,895 ടൺ അരി ആയിരുന്നു നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വിതരണം ചെയ്തിരുന്നതെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം ഒരു ലക്ഷം ടൺ അരി സപ്ലൈകോയിലൂടെ ഞങ്ങൾ

വിതരണം ചെയ്യു. കൂടുതൽ ക്വാണ്ടിറ്റി മാർക്കറ്റിലേയ്ക്ക് എത്തിച്ച് വിപണിയിലെ വില നിയന്ത്രിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നുണ്ട്. എം.എസ്.പി. ഒരു പ്രധാന ഘടകമാണ്. നെല്ലിന്റെ താങ്ങുവില ഇന്ത്യയിലേറ്റവും ഉയർന്നുനിൽക്കുന്ന സംസ്ഥാനം കേരളമാണ്. 19 രൂപയാണ് നെല്ലിന് താങ്ങുവിലയായി കേരളം കൊടുക്കുന്നത്. 19 രൂപയ്ക്ക് സംഭരിക്കുന്ന നെല്ല് 20 രൂപയ്ക്ക് അരിയായി കൊടുക്കണമെന്നുപറഞ്ഞാൽ ഞങ്ങളാരും മുതുകാടല്ല. 16 രൂപയ്ക്കും 20 രൂപയ്ക്കുമാണ് നിങ്ങളുടെ കാലത്ത് കൊടുത്തതെന്നു പറയുന്നു. അന്ന് നെല്ലിന്റെ താങ്ങുവില എത്രയായിരുന്നുവെന്ന് ചിന്തിക്കണം. ഇന്ന് നെല്ലിന്റെ താങ്ങുവില 19 രൂപയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചു. 19 രൂപയ്ക്ക് സംഭരിക്കുന്ന നെല്ല്, അതിന്റെ പ്രോസസ്സിംഗ് ചാർജ്ജും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും മില്ലിംഗ് ചാർജ്ജുമൊക്കെ കൂടിച്ചേർന്ന് അതിനാനുപാതികമായിട്ടുള്ള വർദ്ധനവാണുണ്ടാകുന്നത്. താങ്ങുവില കുറയ്ക്കണമെന്നുണ്ടെങ്കിൽ നിങ്ങൾ പറയണം. ഞങ്ങൾ 19 രൂപ താങ്ങുവില കൊടുക്കുമ്പോൾ കേരളത്തിലെ കർഷകർക്ക് ഏറ്റവും ഉയർന്ന സംഭരണ വില ലഭിക്കുകയാണ്. നെൽകർഷകരെ സഹായിക്കുവാനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കുന്നു. ഒപ്പംതന്നെ പൊതു കമ്പോളത്തിലെ നികുതിവില നിയന്ത്രിച്ചു നിറുത്തുവാനുള്ള നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നു. അതുരണ്ടും വളരെ

കൃത്യതയോടെയും ക്രീയാത്മകമായും മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റിന് കഴിയുന്നുവെന്നുള്ളത് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സപ്ലൈകോയിലെ വിറ്റുവരവ് ഒരവകാശവാദമായിട്ടോ മേന്മയായിട്ടോ നേട്ടമായിട്ടോ ഗവൺമെന്റ് ഒരിക്കലും ഉന്നയിക്കുന്നില്ല. അത് മറ്റൊരു വിലയിരുത്തലിനുള്ള വിഷയമാണ്. ഇത്തരത്തിലുള്ള വിലക്കയറ്റം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ജനങ്ങളെ ഈ ദുരിതത്തിൽനിന്ന് എങ്ങനെ സംരക്ഷിക്കാമെന്നുള്ളതാണ്. ആ സംരക്ഷണത്തിൽ വിജയകരമായിത്തന്നെ മുന്നോട്ടുപോകാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഒരുപാട് ഘടകങ്ങൾ നമ്മളിലേയ്ക്ക് കടന്നുവരുമ്പോഴും അത് നിയന്ത്രിച്ച് നിറുത്തുവാനുള്ള സാഹചര്യങ്ങളൊരുക്കുന്നു. പൊതുകമ്പോളത്തിലെ പരിശോധനകൾ ഏറ്റവും കർശനമായ നിലയിൽത്തന്നെ മുമ്പോട്ടുകൊണ്ടുപോകുന്നുണ്ട്. ഇത്തരത്തിലുള്ള ഘടകങ്ങൾ നിലനിന്നുപോകുന്ന സാഹചര്യങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടൽ ഏതെങ്കിലുമൊരു സന്ദർഭത്തിൽ വിപണിയിൽനിന്ന് മാറിയിരുന്നുവെങ്കിൽ വിപണിയിലെ വില നമുക്ക് നിയന്ത്രിക്കുവാൻ കഴിയുന്ന ഒന്നായിരിക്കുകയില്ല. അത് സ്വാഭാവികമാണ്. മുമ്പൊക്കെ സപ്ലൈകോ പോലുള്ളവ ഉത്സവകാലത്ത് മാത്രം കോൺസൻട്രേറ്റ് ചെയ്തിരുന്നുവെങ്കിൽ ഇത്തവണ വർഷം മുഴുവൻ കോൺസൻട്രേറ്റ് ചെയ്യുന്നുണ്ട്.

ഉത്സവ കാലങ്ങളിൽ കൂടുതൽ കാലയളവിൽ നീണ്ടുനിൽക്കുന്ന ഫെയറുകൾ ആരംഭിച്ചു. ഓണംപോലുള്ള ഫെസ്റ്റിവൽ സീസൺ ആകുമ്പോൾ വളരെ നേരത്തെ ഏകദേശം 20-25 ദിവസം മുൻപു മുതൽ ഒരു മാസം വരെ നീണ്ടു നിൽക്കുന്ന ഓണ വിപണന ഫെയറുകൾ പ്രധാനപ്പെട്ട നഗരങ്ങളിൽ നടത്തുന്നുണ്ട്. ഒരു മാസം മുൻപ് തന്നെ വിപണി പൂർണ്ണമായും നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള നടപടികളെടുക്കുന്നുണ്ട്. ഫെസ്റ്റിവൽ സമയത്താണ് കൂടുതലായി ജനങ്ങൾ വിപണിയെ ആശ്രയിക്കുന്നത്. അത്തരത്തിലുള്ള സന്ദർഭങ്ങളിൽ ഇടപെടൽ കൂടുതൽ ക്രിയാത്മകമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുകമ്പോളത്തെക്കാൾ ഇരുപത് ശതമാനം മുതൽ നാൽപ്പത്തിനാല് ശതമാനം വരെ വിലക്കുറവ് സബ്സിഡി സാധനങ്ങൾക്ക് സപ്ലൈകോയിലുണ്ട്. അവിടെ പോയി പരിശോധിക്കാം. അദ്ദേഹം ഇവിടെ ചില പാക്കിംഗ് ഇഷ്യൂസ് ഉന്നയിച്ചു. അങ്ങേയ്ക്ക് പരാതിയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. കവറിന്റെ മേൻമയെക്കുറിച്ചാണെങ്കിൽ തീർച്ചയായും അത്തരം വിഷയങ്ങൾ പരിശോധിക്കാം. അത് എന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യമായിരുന്നില്ല. പാക്കിംഗ് ഉൾപ്പെടെ ശബരി ഐറ്റംസിന്റെ എണ്ണം വർദ്ധിപ്പിച്ചു. 12 പുതിയ ശബരി ഐറ്റംസ് ഗവൺമെന്റ് സപ്ലൈകോ മുഖാന്തിരം വിപണിയിലിറക്കിയിട്ടുണ്ട്. കേരളത്തിൽ റെഡി റ്റു ഈറ്റ് പോലുള്ള

സാധനങ്ങൾക്ക് ജനങ്ങൾ കൂടുതൽ താത്പര്യം കാണിക്കുന്നതുകൊണ്ട് സപ്ലൈകോ തന്നെ കൂടുതൽ ഗുണനിലവാരമുള്ള അത്തരം സാധനങ്ങൾ എത്തിക്കുന്നതിനുവേണ്ടിയാണ് ശബരി ബ്രാൻഡിൽ ഇത്തരം സാധനങ്ങൾ വിപണിയിലെത്തിക്കുന്നത്. അതുപോലെ തന്നെ പ്രധാനപ്പെട്ട മറ്റൊരു കാര്യം ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പ് വളരെ നല്ല രീതിയിലുള്ള ഇടപെടലുകൾ ആ മേഖലയിൽ നടത്തുന്നുണ്ട്. പൊതുവിപണിയിലെ വില വർദ്ധിക്കുന്നു എന്ന് നാം ചർച്ച ചെയ്യുമ്പോഴും അതിനൊരു പരിഹാരമെന്ന നിലയിൽ ഗവൺമെന്റിന്റെ ഇടപെടൽ വില നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ളതാണ്, സാധാരണക്കാരനെ സഹായിക്കുവാൻ വേണ്ടിയുള്ളതാണ്. അത് വളരെ കൃത്യമായി ഗവൺമെന്റ് ചെയ്യുന്നുണ്ട്. അതോടൊപ്പം പ്രൊഡക്ഷൻ വർദ്ധിപ്പിച്ചുകൊണ്ട്, നമ്മുടെ ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കിക്കൊണ്ട് സാധാരണ ജനങ്ങളെ സഹായിക്കുകയെന്ന ക്രിയാത്മകമായ മാറ്റവും ഈ ഗവൺമെന്റ് കൊണ്ടുവരുന്നുണ്ട്. എല്ലാ തലങ്ങളിലും ജനങ്ങൾക്ക് സഹായകരമാകുന്ന സാഹചര്യമൊരുക്കി മുന്നോട്ട് പോകുന്ന സന്ദർഭമാണുള്ളത്. പൊതുവിപണിയിൽ നിന്നും ഗവൺമെന്റ് ഒരിഞ്ചുപോലും പിന്നോട്ടുപോയിട്ടില്ല, മുന്നോട്ടാണ് പോകുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന്

സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, നമ്മുടെ പട്ടികജാതി കോളനികളിലും ഊരുകളിലും 25 കിലോഗ്രാം അരിയാണ് ബി. പി. എൽ. വിഭാഗത്തിന് കൊടുക്കേണ്ടത്. അത് കൊടുക്കുന്നില്ല. 5-7 കിലോഗ്രാം അരിയാണ് കൊടുക്കുന്നത്. ആ അരിയാണെങ്കിൽ ദുർഗന്ധം കാരണം തിന്നാനും കഴിയുന്നില്ല. എ.പി.എൽ.കാർക്ക് നിങ്ങൾ കൊടുക്കുന്നത് 7 കിലോഗ്രാം അരിയും 3 കിലോഗ്രാം ഗോതമ്പുമാണ്. അത് പലസ്ഥലത്തും ലഭിക്കുന്നില്ല. നേരിട്ട് ബോധ്യമുള്ളതുകൊണ്ട് പറയുകയാണ്. ഇക്കാര്യമൊന്ന് ഉറപ്പുവരുത്തുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇക്കാര്യം കഴിഞ്ഞ നിയമസഭാ സെഷനിലും അങ്ങ് സൂചിപ്പിച്ചിരുന്നു. ആ പ്രദേശത്തെ എല്ലാ കടകളിലും പരിശോധന നടത്തി. തെറ്റുകൾ കണ്ടെത്തി, ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. മൂന്ന് കടകൾക്കെതിരെ അന്നുതന്നെ ഗവൺമെന്റ് നടപടി സ്വീകരിച്ചു. പരിശോധനകൾ കൂടുതൽ കർശന സ്വഭാവത്തോടെ മുന്നോട്ടുകൊണ്ടുപോകുന്നതാണ്. അങ്ങ് പറഞ്ഞത് വളരെ ഗൗരവമായി തന്നെ എടുത്തു. ആദിവാസി മേഖലയടക്കമുള്ള പ്രദേശങ്ങളിൽ കൂടുതൽ റേഷൻ കടകൾ എടുത്തു നടത്തുവാൻ താത്പര്യം കാണിക്കാത്ത സാഹചര്യമാണ്. ട്രൈബൽ ഡിപ്പാർട്ടുമെന്റുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഏതെങ്കിലും

ഡിപ്പാർട്ടുമെന്റ് കടകൾ ഏറ്റെടുത്ത് നടപ്പാക്കുന്ന സാഹചര്യമുണ്ടായാൽ കൂടുതൽ സഹായകരമാകും. അത്തരം പ്രദേശങ്ങളിൽ റേഷൻ കടകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. തേർഡ് പാർട്ടി കടന്നുവരാത്തതുകൊണ്ട് ഗവൺമെന്റ് തന്നെ സാഹചര്യമൊരുക്കുന്നതിനാണ് ലക്ഷ്യം വച്ചിരിക്കുന്നത്. അങ്ങ് പറഞ്ഞത് വളരെ  ഗൗരവമായി എടുത്ത് ആ പ്രദേശത്തെ പരിശോധനകൾ കൂടുതൽ കർശനമാക്കി മുന്നോട്ട് കൊണ്ടുപോകും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പച്ചക്കറിക്ക് വില കൂടിയെന്ന് പറഞ്ഞു. എന്നാൽ പച്ചക്കറിക്ക് പലതിനും വില കുറഞ്ഞിട്ടുണ്ട്. അതിന്റെ കാരണം ഇവിടെ ഉത്പാദനം കൂടിയതാണ്. ഉത്പാദനം കേരളത്തിൽത്തന്നെ കൂടുമ്പോൾ പച്ചക്കറിക്ക് വില കുറയുകയാണ്.  ഉദാഹരണമായി രണ്ടുവർഷം മുമ്പ് നമുക്ക് വേണ്ട പച്ചക്കറികളുടെ 22 ശതമാനമാണ് ഇവിടെ ഉത്പാദിപ്പിച്ചിരുന്നതെങ്കിൽ ഇവിടെ ഇപ്പോൾ 71 ശതമാനം ഉത്പാദിപ്പിക്കുന്നു. കേരളത്തിലെ വട്ടവിള കാന്തല്ലൂരിൽ ഉരുളക്കിഴങ്ങ് മാത്രം ഏകദേശം ആയിരം ഏക്കറിലാണ് കൃഷി ചെയ്യുന്നത്. അതുകൊണ്ട് കമ്പോളത്തിൽ ഉരുളക്കിഴങ്ങിന് 42 രൂപ വിലയുണ്ടായിരുന്നത് ഇപ്പോൾ 33 രൂപയായിട്ടുണ്ട്. ഹോർട്ടികോർപ്പിലെ വില 23 രൂപയാണ്.

അതുപോലെ തന്നെ വലിയ മുളക് 145 രൂപയായിരുന്നത് 65 രൂപയായി. ചിലയിനങ്ങൾക്കുമാത്രം കുറച്ച് വില കൂടുന്നുണ്ട്. വെളിച്ചെണ്ണയ്ക്ക് വില കൂടിയതിനെക്കുറിച്ച് പറഞ്ഞു. വെളിച്ചെണ്ണയ്ക്ക് വിലകൂടണം. നാളികേരത്തിന് വില കൂടണമല്ലോ. നാളികേരത്തിന് വിലകുറഞ്ഞപ്പോൾ എല്ലാവരും പറഞ്ഞു നാളികേരത്തിന് വില കുറഞ്ഞുവെന്ന്. അപ്പോൾ നാളികേരത്തിന് വില കൂടി. അസംസ്കൃത സാധനത്തിന് വില കൂടുമ്പോൾ സംസ്കൃത സാധനത്തിന് വില കൂടും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, വെളിച്ചെണ്ണയ്ക്ക് വില വർദ്ധിപ്പിച്ചപ്പോൾ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ കാലത്ത് വെളിച്ചെണ്ണയ്ക്ക് ഓണക്കാലത്തും ക്രിസ്തുമസിനും സബ്സിഡി കൊടുത്തിരുന്നു. വില ഇത്രയാകുമ്പോൾ റേഷൻ കടവഴി സബ്സിഡി കൊടുത്ത് വെളിച്ചെണ്ണ വിൽക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ അത് തന്നെയാണ് പറയാൻ വന്നത്. വെളിച്ചെണ്ണയ്ക്ക് കമ്പോളത്തിൽ വില കൂടിയിട്ടുണ്ട്. എന്നാൽ ഹോർട്ടികോർപ്പിന്റെയും സിവിൽ സപ്ലൈസിന്റെയും ഔട്ട്ലെറ്റുകളിൽ വില കുറവാണ്. അസംസ്കൃത സാധനത്തിന് വില കൂടുമ്പോൾ സംസ്കൃത സാധനത്തിന് വില കൂടും.

ശ്രീ. സി. കെ. നാണു: സർ, ഉപഭോക്താവിന് മര്യാദ വിലയ്ക്ക് സാധനങ്ങൾ കിട്ടണം.

ശ്രീ. കെ. പി. മോഹനൻ: സർ, ജനതാ ഭരണകാലത്തിലെ കാര്യങ്ങൾ തന്നെയാണ് ഞാനും അവലംബിക്കുന്നത്. ഉപഭോക്താവിനെ സംബന്ധിച്ച് ഇപ്പോൾ വലിയ വിഷമമില്ല.

മി. സ്പീക്കർ: ബഹുമാന്യരായ മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുവാനുള്ള ബാധ്യതയോടൊപ്പംതന്നെ പരമപ്രധാനമാണ് അവർക്കാവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതും. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കിയതുതന്നെ അതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ കേന്ദ്രസർക്കാരും ഉമ്മൻചാണ്ടി സർക്കാരും ചേർന്ന് എന്താണ് ചെയ്തത്. റേഷനിംഗ് സമ്പ്രദായം അപ്പാടെ അട്ടിമറിച്ചു. റേഷനരി കരിഞ്ചന്തയിൽ വിറ്റ് കാശാക്കുകയാണ്. റേഷൻ കാർഡുമായി റേഷൻകടയിൽ ക്യൂ നിൽക്കുന്ന മലയാളിയെ ഇന്ന് മഷിയിട്ട് നോക്കിയാൽ കാണാൻ കഴിയില്ല. അതിന് കാരണം

റേഷൻകടകളിൽ മനുഷ്യന് കഴിക്കാൻ കൊള്ളാവുന്ന യാതൊരു സാധനവുമില്ലായെന്നതാണ്. നല്ല സാധനങ്ങളെല്ലാം കരിഞ്ചന്തയിൽ വിറ്റ് കാശടിക്കുകയാണ്. അതിന് ബന്ധപ്പെട്ട മന്ത്രിമാർ തന്നെ കൂട്ടുനിൽക്കുകയാണ്. ഒരു രൂപയ്ക്ക് അരി വിൽക്കുന്നുവെന്ന് യു.ഡി.എഫ്. വീമ്പടിക്കുന്നുണ്ട്. എന്നാൽ ഒരു രൂപയുടെ അരിക്ക് എന്താണ് സംഭവിക്കുന്നത്. മുഴുവൻ കളർ ചേർത്ത് കരിഞ്ചന്തയിൽ വിൽക്കുകയാണ്. റേഷനിംഗ് സമ്പ്രദായം മാത്രമല്ല പൊതുവിതരണ സമ്പ്രദായം ആകെ തകർത്തില്ലേ? എൽ.ഡി.എഫ്. ഭരണകാലത്ത് ഏറ്റവും മാതൃകാപരമായ രീതിയിൽ പൊതുവിതരണ സമ്പ്രദായം നിലനിന്നുവന്ന നാടാണ് ഇത്. അതിനെ നിങ്ങൾ കുട്ടിച്ചോറാക്കി. സപ്ലൈകോയുടെ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ സാധനങ്ങൾ കാര്യമായൊന്നും കിട്ടാനില്ല. കിട്ടുന്ന സാധനങ്ങൾക്കാണെങ്കിൽ പൊതുവിപണിയെക്കാൾ വില കൂടുതലാണ്. ഗുണനിലവാരവും ഇല്ല. കൺസ്യൂമർഫെഡിന്റെ കാര്യം ഞാൻ ഇന്നലെയും പറഞ്ഞതാണ്. അവിടെ ജനറൽ മാനേജരും എം.ഡി.യും തമ്മിലുള്ള യുദ്ധം, അതുമാത്രമാണ് നടക്കുന്നത്. കൂടുതൽ അഴിമതിക്കാർ ആരാണെന്നുള്ളതാണ് പ്രധാന തർക്കം. അവിടുത്തെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് വിദേശമദ്യം വിറ്റാണ്. അതിന് തെളിവ് കൂട്ടുന്നതും കമ്മീഷൻ തട്ടുന്നതും സംബന്ധിച്ച തർക്കമാണ്

നിലനിൽക്കുന്നത്. നിത്യോപയോഗ സാധനങ്ങൾ വിൽക്കേണ്ടിടങ്ങളിലെല്ലാം ആവശ്യംപോലെ മദ്യം വിറ്റാണ് ലാഭമുണ്ടാക്കുന്നത്. ഉമ്മൻ ചാണ്ടിയുടെ മദ്യനിരോധനം പൊടിപൊടിക്കുന്നുണ്ട്, കെ.പി.സി.സി. പ്രസിഡന്റിനും ഇതിൽ അഭിമാനിക്കാം. നിങ്ങൾ നടത്തുന്ന 'നീതി' സ്റ്റോറുകൾ 'നീതിരഹിത' സ്റ്റോറുകളായും 'നന്മ' സ്റ്റോറുകൾ 'തിന്മ' സ്റ്റോറുകളായും മാറിയിരിക്കുകയാണ്. സാധാരണ മനുഷ്യർക്കാർക്കും ഇതുകൊണ്ട് ഒരു പ്രയോജനവുമില്ല. നിങ്ങളുടെ മന്ത്രിമാർക്കും പാർശ്വവർത്തികൾക്കും കൊള്ള നടത്തുവാനുള്ള ഒരു മേഖലയാണ് ഈ സ്റ്റോറുകളെല്ലാം. അത് നിങ്ങളെല്ലാവരും വളരെ ഭംഗിയായി ഉപയോഗിക്കുന്നുണ്ട്. ഇതൊക്കെ നിയന്ത്രിക്കുന്ന സിവിൽ സപ്ലൈസ് മന്ത്രിയെക്കുറിച്ചും ഇന്നലെ ഞാൻ പറഞ്ഞതാണ്. മന്ത്രി ആൾ വളരെ ചെറുപ്പമാണെങ്കിലും അഴിമതി നടത്തുന്നതിൽ ആൾ നല്ല വീരനാണ്. .........(ബഹളം)...... കൺസ്യൂമർഫെഡിന്റെ മന്ത്രി പ്രായവും പക്വതയുമുള്ളയാളാണ്. അതുകൊണ്ടാണ് അദ്ദേഹം നല്ല തഴക്കവും പഴക്കവും പാരമ്പര്യവുമുള്ള അഴിമതിക്കാരനെപ്പോലെ അങ്ങനെ വിരാജിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, അനാവശ്യമായ ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിക്കുകയാണ്. ഒരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾ

വെറുതെ വിളിച്ചുപറയുന്ന ഇത്തരത്തിലുള്ള പ്രവണത അനുവദിക്കാൻ സാധിക്കുന്നതല്ല. ഇദ്ദേഹം പറയുന്നതിൽ ബെയ്സ് വേണ്ടേ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ:- സിവിൽ സപ്ലൈസ് കോർപ്പറേഷൻ 'ജേക്കബ് ഗ്രൂപ്പി'നും കൺസ്യൂമർഫെഡ് 'ഐ' ഗ്രൂപ്പിനും തീറെഴുതിയിരിക്കുകയാണ്. പൊതുവിതരണ സമ്പ്രദായം ചിട്ടപ്പെടുത്താൻ ബാധ്യതയുള്ള റേഷനിംഗ് കൺട്രോളർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവരുടെ നിയമനത്തിനും സ്ഥലംമാറ്റത്തിനും ലക്ഷങ്ങളുടെ ലേലം വിളിയാണ് നടക്കുന്നത്. റേഷനിംഗ് കൺട്രോളർക്ക് 15 ലക്ഷം, ജില്ലാ സപ്ലൈ ഓഫീസർക്ക് 10 ലക്ഷം, താലൂക്ക് സപ്ലൈ ഓഫീസർക്ക് 5 ലക്ഷം എന്നതാണ് റേറ്റ്. ഇതിൽ പക്ഷേ മന്ത്രി തനിപ്പിടിയല്ല പിടിക്കുന്നത്, മന്ത്രിയുടെ പാർട്ടിയുടെ ചെയർമാനെയും കൂട്ടുന്നുണ്ട്. ഇങ്ങനെ ലക്ഷങ്ങൾ കൈക്കൂലി കൊടുത്ത് സ്ഥാനങ്ങൾ തരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് സാധാരണക്കാരെ സഹായിക്കാൻ എന്തെങ്കിലും താല്പര്യമുണ്ടാകുമോ? ഇവരും റേഷൻ മൊത്ത വ്യാപാരികളും കൂടി റേഷൻ സാധനങ്ങൾ മൊത്തമായി കമിഴ്ത്തുകയാണ്. അരിയും വെളിച്ചെണ്ണയും പഞ്ചസാരയും പച്ചക്കറിയുമടക്കമുള്ള എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും മൂന്നും നാലും ഇരട്ടി വിലവർദ്ധിച്ചതിനെപ്പറ്റി കഴിഞ്ഞ ദിവസം ഞാൻ സൂചിപ്പിച്ചതാണ്.

അതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. ഇനിയിപ്പോൾ കഷ്ടിച്ച് രണ്ടുമാസം പോലും ഓണത്തിനില്ല. ഓണത്തിനുണ്ണാൻ അരി കിട്ടുമോയെന്ന് കണ്ടറിയണം. കാരണം കഴിഞ്ഞ വർഷം നെല്ല് സംഭരിച്ച വകയിൽ പാവപ്പെട്ട കർഷകർക്ക് എത്ര കോടി രൂപയാണ് നിങ്ങൾ കൊടുക്കാനുണ്ടായിരുന്നത്. ഇങ്ങനെ സാധാരണക്കാർക്കാവശ്യമുള്ള എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വിലക്കയറ്റം രൂക്ഷമാണെങ്കിലും ഉമ്മൻ ചാണ്ടിയുടെയും മറ്റും ഭരണം കൊണ്ട് ഒരു സാധനത്തിന് നന്നായി വിലകുറഞ്ഞു, കേരളത്തിലെ കർഷകർ ഉല്പാദിപ്പിച്ചു വില്ക്കുന്ന റബ്ബറിന്. റബ്ബർ കർഷകന്റെ പേരിൽ കണ്ണീർ വാർക്കുന്നവർ ഒത്തിരിപ്പേർ അപ്പുറത്തുണ്ടല്ലോ. റബ്ബറിന് ന്യായമായ വില കിട്ടാൻ നിങ്ങൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? കിലോയ്ക്ക് 245 രൂപ വിലയുണ്ടായിരുന്ന റബ്ബറിന് ഇപ്പോൾ വെറും 135 രൂപയ്ക്ക് താഴെയായി. അതുമൂലം റബ്ബർ കർഷകർ 'കുത്തുപാള'യെടുക്കുന്ന സ്ഥിതിയാണ്. അവർ ആത്മഹത്യയിലേയ്ക്ക് നീങ്ങിയാലും അത്ഭുതപ്പെടാനില്ല. ഇങ്ങനെ വിലക്കയറ്റവും റബ്ബറിന്റെയും നാണ്യവിളകളുടെയും വിലത്തകർച്ചയുംമൂലം ഏത് മേഖലയിലെയും നിത്യജീവിതം അങ്ങേയറ്റം ദു:സ്സഹവും ദുരിതപൂർണ്ണവുമാക്കുകയാണ്. ഇത്തരം നിത്യജീവിത പ്രശ്നങ്ങളൊന്നും ചർച്ച ചെയ്യാൻ നിങ്ങൾക്ക് താല്പര്യമില്ലല്ലോ? നിങ്ങളുടെ ഈ ജനവിരുദ്ധ നിലപാടിൽ

പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി.എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിത്യോപയോഗ സാധനങ്ങൾ കമിഴ്ത്തുന്നതിന് റേറ്റ്...... ഇതൊക്കെ അങ്ങയുടെ ഭരണകാലയളവിലുള്ളതാണ്. കാലം മാറി. അങ്ങയുടെ ഭരണകാലയളവിൽ നടത്തിയ കമിഴ്ത്തലും റേറ്റും വച്ച് ഇപ്പോൾ സംസാരിക്കേണ്ട ആവശ്യമില്ല. ഇപ്പോൾ കാലം മാറിയിരിക്കുന്നു. ഇവിടെ കൃത്യമായ നിലയിൽ പൊതുവിതരണ സംവിധാനം നടക്കുന്നു. കാടടച്ച് വെടിവയ്ക്കാതെ ഏതെങ്കിലും വിഷയങ്ങൾ ഉണ്ടെങ്കിൽ ഉന്നയിക്കാൻ അങ്ങ് തയ്യാറാകണം....(ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രഖ്യാപിച്ചുകഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, എന്തുനടപടിയാണ് ഇവിടെ നടക്കുന്നത്. വളരെ വിചിത്രമായ നടപടിക്രമങ്ങളാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്കുള്ളതുപോലെ സ്വാതന്ത്ര്യം മന്ത്രിക്കുമില്ലേ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, മന്ത്രിക്കുള്ള സ്വാതന്ത്ര്യം എപ്പോഴാണ്. ഞങ്ങൾ സംസാരിക്കുകയല്ലേ? ബഹുമാനപ്പെട്ട ചെയർ അങ്ങനെ ഞങ്ങളെ തള്ളിപ്പറയരുത്. മന്ത്രിമാർക്കുവേണ്ടി പറയരുത്. ചെയറല്ലെങ്കിൽ പിന്നെയാരാണ് പ്രതിപക്ഷത്തിന്റെ താല്പര്യം സംരക്ഷിക്കുന്നത്.

<u>മി. സ്പീക്കർ</u>: നിങ്ങൾ പറയാവുന്ന സമയത്ത് മാത്രമാണോ പറയുന്നത്; അല്ല. അങ്ങ് സംസാരിക്കണം....(ബഹളം).....ശ്രീ. പി. കെ. ബഷീർ.... പ്ലീസ്, പ്ലീസ്......

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ശ്രീ. പി. കെ. ബഷീറിനും കൂടി ബാധകമായിട്ടുള്ള വിലക്കയറ്റമാണ് ഇവിടെ ഞങ്ങൾ ചർച്ച ചെയ്യുന്നത്. ആ വിലക്കയറ്റത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടെന്നുള്ളതാണ് മന്ത്രിയുടെ അഭിപ്രായം. ദു:സ്സഹമായ വിലക്കയറ്റമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഭരണകക്ഷിയായതു കൊണ്ട് നിങ്ങൾ ഇതിനെ നിഷേധിക്കുന്നു. വിലക്കയറ്റമില്ലെന്ന് പറയുന്നു, അതു പറയാൻ നിങ്ങൾ ബാധ്യസ്ഥരാണ്. പക്ഷേ യാഥാർത്ഥ്യങ്ങൾ വളരെ അകലെയാണ്. ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ വിലക്കയറ്റത്തെക്കുറിച്ച് കൊണ്ടുവന്ന അടിയന്തരപ്രമേയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്തിട്ടുണ്ട്. അങ്ങ് അതിന് സാക്ഷിയാണ്. ഇന്ന് അങ്ങ് സമ്മതിക്കുന്നില്ല. ഇത് വലിയ നീതിനിഷേധമാണ്. കേരളത്തിലെ കമ്പോളങ്ങളിലെ ഭക്ഷ്യധാന്യങ്ങൾക്കും

നിത്യോപയോഗ സാധനങ്ങൾക്കും വിലക്കയറ്റമുണ്ടെന്നും അതിനെതിരെ നടപടിയെടുക്കണമെന്നും പറയാനുള്ള ഏറ്റവും യോഗ്യമായ സഭയാണ് നിയമസഭ. ഞങ്ങൾ വേറെ ഒരു അനാവശ്യവും പറയുന്നില്ല. ഈ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായി എന്നുള്ള മന്ത്രിയുടെ അഭിപ്രായം ശുദ്ധ അസംബന്ധമാണ്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായമിന്ന് കോഴക്കാരുടെ, അഴിമതിക്കാരുടെ, പൂഴ്ത്തിവയ്പ്പുകാരുടെ, കരിഞ്ചന്തക്കാരുടെ, റേഷനരി വെട്ടിപ്പുകാരുടെ കൈയ്യിൽ പൂർണ്ണമായി അമർന്നിരിക്കുകയാണ്. അടുത്തകാലത്തുണ്ടായ തെളിവുകൾ നമ്മൾ എല്ലാവരും വായിച്ചതാണ്. ലോഡുകണക്കിന് റേഷനരി കടത്തിക്കൊണ്ടു പോകുന്നവരെ പോലീസ് ഓടിച്ചിട്ട് പിടിക്കുകയാണ്. അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? ശ്രീ. അനൂപ് ജേക്കബ്, ഞാൻ സംസാരിക്കുമ്പോൾ അങ്ങനെ ഇടപെടുന്നയാളല്ല, ജനാധിപത്യമര്യാദവേണം. പോയിന്റ് ഓഫ് ഓർഡർ ചോദിച്ചാൽ ഇടപെടാനുള്ള അവസരം തരാം. അരി മുഴുവൻ കടത്തുകയാണ്, അതിന് മന്ത്രിയും ആളുകളെല്ലാം സാക്ഷികളാണ്. ഇതിനെതിരെ നിരവധി കേസ്സുണ്ട്. ശ്രീ. രമേശ് ചെന്നിത്തലയുടെ ആഭ്യന്തര വകുപ്പാണ് കടത്തിക്കൊണ്ട് പോകുന്ന ലോഡ് പിടിക്കുന്നത്. അവരത് സിവിൽ സപ്ലൈസിനെ ഏൽപ്പിക്കുകയും അവിടെനിന്ന് വീണ്ടും കരിഞ്ചന്തയിലേയ്ക്ക് പോകുകയുമാണ്

ചെയ്യുന്നത്. അങ്ങനെയല്ലായെന്ന് പറയാൻ പറ്റുമോ? സപ്ലൈകോ കരാറുകാരുടെ കയ്യിലല്ലേ; സപ്ലൈകോയുടെ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരുടെ തിരിമറികളിൽ എത്ര തവണയാണ് മന്ത്രി ഇടപെട്ടിട്ടുള്ളത്. സപ്ലൈകോയുടെ എം.ഡി.യെ എത്ര തവണയാണ് സ്ഥലം മാറ്റിയത്. അഞ്ചുകൊല്ലം ഒരു എം.ഡി.യെ വച്ചുകൊണ്ടിരുന്ന ആളാണ് ഞാൻ. എന്തിനാണ് എം.ഡി.യെ സ്ഥലം മാറ്റുന്നത്? കൊള്ളക്കാർക്ക് കൂട്ടുനിൽക്കുന്നുവെന്ന് നിങ്ങൾക്ക് ബോധ്യപ്പെട്ടതുകൊണ്ടല്ലേ? അഴിമതിയില്ലായെന്ന് നിയമസഭയിൽ പറഞ്ഞാൽ നടക്കുമോ? താലൂക്ക് സപ്ലൈ ഓഫീസറെ നിയമിക്കാൻ ഇത്ര ലക്ഷം രൂപ; ഡി.എസ്.ഒ.ക്ക് ഇത്ര ലക്ഷം രൂപായെന്ന് ജേക്കബ് ഗ്രൂപ്പിന്റെ പാർട്ടിയുടെ ചെയർമാനായ ശ്രീ. ജോണി നെല്ലൂർ പറയുന്നത്. അദ്ദേഹം പറഞ്ഞാണ് പത്രത്തിൽ വാർത്ത വന്നത്. നിങ്ങൾ എല്ലാവരും ഇത് വായിച്ചതല്ലേ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഏതെങ്കിലും വിഷയത്തെപ്പറ്റി ആക്ഷേപമോ ആരോപണമോ ഉണ്ടെങ്കിൽ അങ്ങ് എഴുതി തന്ന് ഉന്നയിച്ചാൽ കൃത്യമായി മറുപടി പറയാം. എവിടെയെങ്കിലും ആരെങ്കിലും എന്തെങ്കിലും പറയുന്നത് കേട്ടുകൊണ്ട് അങ്ങ് ഇവിടെ വന്ന് പറയരുത്. അങ്ങ് എവിടെയെങ്കിലും കേട്ട കാര്യം ഇവിടെ വന്ന് ആവർത്തിക്കരുത്. അങ്ങയുടെ കാലത്തുള്ളതുപോലെയല്ല ഇന്ന് സപ്ലൈകോ.

മി. സ്പീക്കർ: മന്ത്രിയും മുൻ മന്ത്രിയും തമ്മിൽ ഇങ്ങനെ വാദപ്രതിവാദം വേണ്ട.

ശ്രീ. അനൂപ് ജേക്കബ്: സപ്ലൈകോ അങ്ങയുടെ കാലഘട്ടത്തിലുള്ളതു പോലെയല്ല ഇന്ന്. കൂടുതൽ കൃത്യമായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന കാര്യം അങ്ങ് മനസ്സിലാക്കണം. അങ്ങ് ഒച്ചവെച്ചിട്ട് കാര്യമില്ല. 2006-2011-കാലയളവിലെ കാര്യമോർത്ത് അങ്ങ് ഇവിടെ പറയരുത്. 2006-11 ലെ കാലയളവും ഇപ്പോഴത്തെ കാലയളവും തമ്മിൽ അങ്ങ് താരതമ്യം ചെയ്യണ്ട. വെറുതെ കാടടച്ച് വെടിവെയ്ക്കരുത്. എന്തെങ്കിലുമുണ്ടെങ്കിൽ എഴുതി തന്ന് ഉന്നയിക്ക് ഞാൻ മറുപടി പറയാം.

ശ്രീ. സി. ദിവാകരൻ: സർ, കഴിഞ്ഞ കാലത്തെ കാര്യംപറഞ്ഞുകൊണ്ടുള്ള ഭീഷണിയൊന്നും എന്റെയടുത്ത് വേണ്ട. കഴിഞ്ഞ കാലത്തെ എല്ലാ ഫയലും അവിടെയുണ്ട് നിങ്ങൾക്കത് പരിശോധിക്കാം. ഞാൻ വെല്ലുവിളിക്കുന്നു. രാജ്യം മുഴുവൻ അഴിമതിയെന്ന് പത്രങ്ങൾ എഴുതുകയാണ്. അക്കാര്യം ഞങ്ങൾ ഇവിടെ പറയണ്ടേ; നിങ്ങളുടെ പാർട്ടി ചെയർമാൻ പറയുന്നത് ഇവിടെ പറയണ്ടേ; നിങ്ങളത് അറിയുന്നില്ലേ; നിങ്ങൾ വായിച്ചില്ലേ; നിങ്ങളുടെ വീട്ടിൽ എത്ര കൗണ്ടറുണ്ടെന്ന് പി.സി.ജോർജ് പറഞ്ഞിട്ടുണ്ടോ; നാവുണ്ടോ നിങ്ങൾക്ക്? സപ്ലൈകോയിൽ നഗ്നമായ അഴിമതി നടക്കുന്നുണ്ടെന്ന് മന്ത്രിക്കും അറിയാം. ഇന്ന ആൾ ഇത്ര ലക്ഷം

വാങ്ങിച്ചുവെന്നുള്ളത് വേണമെങ്കിൽ ഞാൻ എഴുതി കൊടുക്കാം. പൊതുവേ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥന്മാരാണോ രാഷ്ട്രീയ നേതൃത്വമാണോ മന്ത്രിമാരാണോ ആരാണ് അഴിമതി നടത്തുന്നതെന്ന കാര്യമാണ് നിങ്ങൾ പരിശോധിക്കേണ്ടത്. അതിനൊരു കൗണ്ടറായി പണ്ട് അങ്ങനെ നടന്നുവെന്ന് പറഞ്ഞു എന്നെ അടയ്ക്കാൻ നോക്കണ്ട.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, എട്ട് മിനിട്ട് കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ : സർ, വിലക്കയറ്റം തടയാൻ എന്ത് നടപടിയാണ് എടുത്തത്? ആകെയുള്ളത് ബഡ്ജറ്റിൽ തുക പറഞ്ഞിട്ടുണ്ടെന്നുള്ളത് മാത്രമാണ്. അങ്ങ് പ്രതിപക്ഷ നേതാവായിരുന്നപ്പോൾ, കേന്ദ്രവും സംസ്ഥാനവും തമ്മിൽ സ്ഥിരമായ വിലക്കയറ്റം തടയാനുള്ള ഒരു സ്കീം ഉണ്ടാക്കുകയും അതിന് കേന്ദ്രത്തിന്റെ സഹായം അങ്ങ് വാങ്ങിത്തരാമെന്ന് പറയുകയും ചെയ്തതാണ്. ഇക്കാര്യത്തിനായി ഞാൻ അങ്ങയെ വന്ന് കണ്ടിരുന്നു. ആ സ്കീം ഇപ്പോഴുമുണ്ടോ? ആ സ്കീം എടുത്താൽ കേരളത്തിലെ വിലക്കയറ്റം തടയാൻ കഴിയും. അരിക്ക് വിലകൂടിയപ്പോൾ ഞങ്ങൾ അരിക്കട തുടങ്ങി. അതിനായി ബഡ്ജറ്റിൽ പ്രത്യേക തുക മാറ്റിവച്ചു. ഇവിടെ നിങ്ങൾ അഞ്ച് കിലോ അരിയാണ് കൊടുക്കുന്നത്. ഒരുമാസത്തേയ്ക്ക് 5 കിലോ അരി കൊണ്ട് എന്തുചെയ്യാൻ സാധിക്കും. നിങ്ങൾ കേന്ദ്ര ഗവൺമെന്റിനെതിരായി ഒന്നും

പറയുന്നില്ല. കേന്ദ്ര ഗവൺമെന്റ് നിഷ്കരുണമായി എ.പി.എൽ. വിഭാഗത്തിന്റെ അരിയുടെ ക്വാണ്ടിറ്റി വെട്ടിക്കുറച്ചു, ഗോതമ്പ് പൂർണ്ണമായും കുറച്ചു, മണ്ണെണ്ണ വെട്ടിക്കുറച്ചു, പഞ്ചസ്സാര തരാതെയായി. ഇതിനൊന്നും കേന്ദ്രത്തോട് വിലപേശാനുള്ള നട്ടെല്ലില്ലാതെ എന്തിനാണ് ഞങ്ങളുടെ നേർക്കുവരുന്നത്. കേന്ദ്രം തരാതെ, എഫ്.സി.ഐ. ഗോഡൗൺ വഴിയല്ലാതെ, റേഷൻ സമ്പ്രദായം എങ്ങനെയാണ് നടക്കുന്നത്. അതിനൊന്നും ചെയ്യാൻ നിങ്ങൾക്ക് കഴിയുന്നില്ല. അവിടെ ജയിക്കുമെന്നുള്ളതുകൊണ്ടാണ് നിങ്ങൾ അങ്ങോട്ട് തിരിഞ്ഞു നിൽക്കുന്നത്. ജയിക്കുകയോ തോൽക്കുകയോ ചെയ്യട്ടേ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരുപാട് കഷ്ടപ്പെട്ടതല്ലേ.

മി.സ്പീക്കർ: ബഹുമാനപ്പെട്ട ദിവാകരൻ, പത്ത് മിനിട്ടായി. വാക്കൗട്ടിന് മുമ്പുള്ള പ്രസംഗമാണ്.

ശ്രീ. സി. ദിവാകരൻ: അരിയുടെ പ്രശ്നമാണ്. എന്റെ സമയം മുഴുവൻ എടുത്തത് അങ്ങ് കണ്ടതല്ലേ.

മി. സ്പീക്കർ: അങ്ങ് വഴങ്ങിയിട്ട് ഇങ്ങനെ പറയാമോ?

ശ്രീ. സി. ദിവാകരൻ: ഞാൻ എഴുന്നേറ്റപ്പോൾ ശ്രീ. പി. കെ. ബഷീർ തുടങ്ങി. അതുകഴിഞ്ഞ്, മന്ത്രി വഴങ്ങുമോയെന്ന് ചോദിച്ചാൽ വഴങ്ങാതിരിക്കുന്നത്

എങ്ങനെയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ ഒരുകാര്യം സഭയിൽ പറയാം. കോൺഗ്രസ്സുകാരുടെ കേന്ദ്ര ഭരണക്കാലത്ത് ശ്രീ. കെ.വി. തോമസ്, മൂന്ന് രൂപയ്ക്ക് അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പും കൊടുക്കാനുള്ള ഒരു സാർവ്വദേശീയ ഭക്ഷ്യസുരക്ഷ ബിൽ കൊണ്ടുവന്നു. ആ ബിൽ എവിടെപ്പോയി? ഇവിടെയത് നടപ്പിലാക്കുമെന്ന് ഭക്ഷ്യവകുപ്പുമന്ത്രി ആവർത്തിച്ചുപറയുകയും ചെയ്തതാണ്. നിങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞിട്ട് എവിടെയാണ് നടപ്പിലാക്കിയത്? നിങ്ങൾ ഇക്കാര്യത്തെ സംബന്ധിച്ച് പത്ര സമ്മേളനം നടത്തി. ഭക്ഷ്യസുരക്ഷാ ബിൽ എവിടെ? മൂന്ന് രൂപയുടെ അരിയും രണ്ട് രൂപയുടെ ഗോതമ്പും എവിടെ? അതിനുള്ള ഗോഡൗൺ എവിടെ; അതിന്റെ സംവിധാനം എവിടെ? ഇങ്ങനെ ആളുകളെ കൂടെക്കൂടെ പറ്റിക്കുകയും കബളിപ്പിക്കുകയും ചെയ്യാമോ? എന്നിട്ടാണ് നിങ്ങൾ വിലയെല്ലാം കുറഞ്ഞിരിക്കുകയാണ്, യാതൊരു കുഴപ്പവുമില്ലായെന്ന് പറയുന്നത്. മന്ത്രി, നമുക്കൊരുമിച്ച് പത്ത് മാവേലി സ്റ്റോറിൽ പോകാൻ തയ്യാറുണ്ടോ; അതിന് സമയം തരുമോ? നമുക്ക് പോകാം, അവിടെയൊരു ചുക്കുമില്ല. ഉദ്യോഗസ്ഥന്മാർ നിങ്ങളെ പറ്റിക്കുകയാണ്. നിങ്ങൾക്ക് ground reality അറിയില്ല. മാവേലി സ്റ്റോറുകളിൽ എപ്പോൾ ചെന്നാലും അവിടെയൊന്നുമില്ല. തെരഞ്ഞെടുപ്പ് കാലത്തുപോലും അവിടെയൊന്നു മില്ലായിരുന്നു. ജി. കാർത്തികേയന്റെ അപേക്ഷ

പ്രകാരം ഞാൻ കൊടുത്ത മാവേലി സ്റ്റോറാണ് അവിടെയുള്ളത്. ഞാനിപ്പോൾ അവിടെ ചെന്നപ്പോൾ യാതൊരു സാധനവും അവിടെയില്ല. മണ്ണെണ്ണ കൊടുക്കുന്നുണ്ടോ; പഞ്ചസാര കൃത്യമായി കൊടുക്കുന്നുണ്ടോ; ഗോതമ്പ് ആവശ്യത്തിന് കൊടുക്കുന്നുണ്ടോ; പച്ചരി കൊടുക്കുന്നുണ്ടോ; എന്ത് പൊതു വിതരണ സമ്പ്രദായമാണെന്നാണ് പറയുന്നത്; നിങ്ങൾ ആ റേഷൻ കടയിൽ പോകാറില്ല. റേഷൻ കടയിൽ പോകുന്നവർക്കേ അറിയാവൂ. റേഷൻ കട മുഴുവൻ കൊള്ളയടിക്കുകയാണ്. അവിടെ അരിയുൾപ്പെടെ യാതൊരു സാധനവും കിട്ടുന്നില്ല. സപ്ലൈകോയിലെ സാധനങ്ങളുടെ വില ഇഷ്ടംപോലെ കൂട്ടിയിരിക്കുകയാണ്. നിങ്ങൾ കഴിഞ്ഞ സഭയിൽ പറഞ്ഞത്, കുറച്ച് വില കൂട്ടിയെന്നാണ്. ഞാൻ ഒരു ജി.ഒ. ഇവിടെ കാണിച്ചു. ബഡ്ജറ്റ് വിഹിതത്തിനകത്തല്ലാതെ വില നിയന്ത്രിക്കാൻ പാടില്ലായെന്ന് ഉത്തരവിറക്കിയ ഗവൺമെന്റാണിത്. ബഡ്ജറ്റിന്റെ തുകയല്ലാതെ പത്ത് പൈസ ചെലവാക്കാൻ പാടില്ലെന്നാണ് നിങ്ങളുടെ നിർദ്ദേശം. ദുഃസ്സഹമായ വിലക്കയറ്റമാണ് കേരളത്തിൽ നിലനിൽക്കുന്നത്. ഹോട്ടലിൽ ഒരു വടയുടെ വില എന്താണെന്ന് അറിയാമോ? പത്ത് രൂപ കൊടുത്താൽ പോലും ഒരു വട കിട്ടില്ല. പത്ത് രൂപയ്ക്ക് ഒരു ചായ കിട്ടില്ല. പഞ്ചസ്സാരയുടെ വില അങ്ങനെയാണ്. ഞങ്ങൾ 15 മാവേലി ഹോട്ടൽ തുടങ്ങിയത് മുഴുവനും പൂട്ടി. എങ്ങനെയാണ് വിലക്കയറ്റം

തടയുന്നത്? പാവപ്പെട്ട ആളുകൾ എങ്ങനെയാണ് ആഹാരം കഴിക്കുന്നത്. ഗ്യാസിന്റെ വില കൂടുതലായതുകൊണ്ട് വീട്ടിൽവച്ച് പാചകം ചെയ്യാൻ നിവൃത്തിയില്ല. ഗ്യാസാണെങ്കിൽ കിട്ടാനുമില്ല. ഹോട്ടലിൽ പോയി കഴിക്കാനും നിവൃത്തിയില്ല. സർവ്വ സാധനത്തിനും തീ വിലയാണ്. വിലക്കയറ്റമില്ലെന്ന് പറയുന്നത് ജനങ്ങളോടുള്ള അവഹേളനമാണ്, കണ്ണിച്ചോരയില്ലായ്മയാണ്. വിലക്കയറ്റമുണ്ടെങ്കിൽ ഇനിയും ഞങ്ങൾ തടയുമെന്നാണ് നിങ്ങൾ പറയേണ്ടത്. അതല്ല നിങ്ങൾ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പുതിയ നിർദ്ദേശമുണ്ടെങ്കിൽ പറയണം. വിലക്കയറ്റം ഇനി കൂടാൻ പോവുകയാണ്. ഇന്ത്യയുടെ സാഹചര്യത്തിൽ, കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ വിലക്കയറ്റം ഇനിയും കൂടും. അഴിമതി അവസാനിപ്പിച്ചുകൊണ്ട് കർക്കശ്ശമായ സ്റ്റേബിളായിട്ടുള്ള, ഭാവനാപൂർണ്ണമായ നടപടികളെടുക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഈ വിഷയം ചർച്ച ചെയ്യാൻ, സഭ നിറുത്തിവയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സന്മനസ്സില്ലാതെ പോയത് കഷ്ടമായി പോയി. അങ്ങ് പറഞ്ഞപ്പോൾ ഞാൻ ഇരുന്നുതന്നതാണ്. ഇന്ന് അങ്ങ് സമ്മതിക്കുന്നില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, പറയുന്നത് കേൾക്കാനുള്ള മര്യാദകൂടി കാണിക്കണം. ഇന്നലെ ഇറങ്ങിപ്പോയല്ലോ.

ശ്രീ. സി. ദിവാകരൻ: സർ, ഇന്നലെ കേൾക്കാൻ കഴിഞ്ഞില്ല. ഇന്നത്തെ കാര്യമാണ് ഞാൻ പറഞ്ഞത്. ഇന്ന് ഞാൻ ഇരുന്നുതരാം. സഭ നിറുത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പറുത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, കേരളത്തിലെ ശരാശരി കുടുംബത്തിന്റെ ബഡ്ജറ്റ് താറുമാറാക്കുന്ന വിലക്കയറ്റം നാട്ടിലുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അടിയന്തര പ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള പ്രസംഗത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രതികരണത്തിൽ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ സർക്കാർ നടത്തുന്ന പരിശ്രമങ്ങളെ സംബന്ധിച്ചാണ് പറഞ്ഞത്. വിലക്കയറ്റമില്ലെന്നൊരു കേസ് കേരളത്തിലെ ജനങ്ങളുടെ കോടതിയിൽ വിലപ്പോകില്ല. പൊതുവിപണിയിലുണ്ടായിരുന്ന ഇടപെടലിന് വലിയ തോതിൽ പ്രസക്തിയില്ലാത്ത തരത്തിലേയ്ക്ക് ഇന്ന് കാര്യങ്ങൾ പോകുകയാണ്. കാരണം, സപ്ലൈകോയിലും കൺസ്യൂമർ ഫെഡിലും ഇപ്പോൾ സാധനങ്ങളില്ല. ലഭ്യമായ സാധനങ്ങൾക്ക് പലപ്പോഴും ചന്തയിലെ വിലയേക്കാൾ കൂടിയ വിലയാണ്. വില കുറയുന്നില്ല. മാർക്കറ്റിംഗ് ഇന്റർവെൻഷ നെന്നുപറഞ്ഞ് ഫലപ്രദമായി

പൊതുവിപണിയിൽ ഇടപെടണമെങ്കിൽ പൊതു വിപണിയിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ കഴിയണം. അതിനുകഴിയാത്ത അവസ്ഥയിലേയ്ക്കാണ് ഈ ഗവൺമെന്റ് മാറിയിരിക്കുന്നത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഊന്നൽ കൊടുത്ത് പറഞ്ഞത്, അസംസ്കൃത പദാർത്ഥങ്ങൾക്ക് വില കൂടി നിൽക്കണമെങ്കിൽ ഉൽപ്പന്നങ്ങൾക്ക് വില കൂടണമെന്നാണ്. ഇവിടെ അതല്ല സ്ഥിതി. ഇവിടെ നെല്ലിന് വിലയില്ല, അരിക്ക് വിലയുണ്ട്.

(അരുവിക്കര മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. സ്ഥാനാർത്ഥി വിജയിച്ചതായി അറിഞ്ഞതിനെ തുടർന്ന് ഭരണകക്ഷി എം.എൽ.മാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമീപം വന്ന് അഭിനന്ദനം അറിയിച്ചു )

മി. സ്പീക്കർ: അത് സ്വാഭാവികമാണ്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അതിന് ഞാൻ ഒരു തർക്കവും പറഞ്ഞില്ല. തെരഞ്ഞെടുപ്പിൽ വിജയം സാങ്കേതികമാണെങ്കിലും വിജയിച്ചവരെ അനുമോദിക്കാനുള്ള മനസ്സൊക്കെ എനിക്കുണ്ട്. അതിൽ ഞാൻ തർക്കമൊന്നും പറഞ്ഞിട്ടില്ല. ബി.ജെ.പി. യുടെ ഔദാര്യത്തിലാണ് ഈ വിജയം ആഘോഷിക്കുന്നതെന്ന് ഓർമ്മവേണം. ഈ വിജയത്തിന് നിങ്ങൾ പരിപൂർണ്ണമായും ബി.ജെ.പി. എന്ന വർഗ്ഗീയ ശക്തികളോട് കടപ്പെട്ടിരിക്കുന്നുവെന്ന

കാര്യം ഓർമ്മിക്കണം.

ഇവിടത്തെ വിഷയം വിലക്കയറ്റമാണ്. നാട്ടിലെ കർഷകൻ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിലയില്ല. നെല്ലിന് വിലയില്ല, അരിക്ക് വിലയുണ്ട്. വാങ്ങി ഉപയോഗിക്കുന്ന സാധനങ്ങൾക്ക് വിലയുണ്ട്. റബ്ബറിന് വില കുത്തനെ ഇടിയുന്നു. ടയറിന്റെ വില കൂടിക്കൊണ്ടിരിക്കുന്നു. ഡീസലിന് വില കുറഞ്ഞപ്പോൾ ഈ ഗവൺമെന്റ് മൂന്ന് തവണ ബസ് ചാർജ് വർദ്ധിപ്പിച്ചു. ഇവിടെ പൊതുവിപണിയിൽ ഇടപെടാൻവേണ്ടി കൂടുതൽ പണം (216 കോടി രൂപ) ചെലവാക്കിയെന്നാണ് ഗവൺമെന്റിന്റെ അവകാശവാദം. കൂടുതൽ പണം ചെലവാക്കിയിട്ടും വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയാത്തത് എന്തുകൊണ്ടാണ്? അവിടെയാണ് മുൻ പ്രാസംഗികൻ സൂചിപ്പിച്ച അഴിമതിയുടെ വിഷയം വരുന്നത്.

ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങെങ്കിലും എന്റെ പ്രസംഗം കേൾക്കണം. അവർ വിജയം ആഘോഷിക്കുകയാണ്, ആഘോഷിക്കട്ടെ.

മി. സ്പീക്കർ: ഞാൻ ശ്രദ്ധിക്കുകയാണ്. അങ്ങയുടെ പ്രസംഗം ഞാൻ പ്രത്യേകം ശ്രദ്ധിക്കും.

ശ്രീ. മാത്യു റ്റി. തോമസ്: സർ, കൂടുതൽ പണം ചെലവാക്കിയിട്ടും വിലക്കയറ്റം വർദ്ധിക്കുന്നത് എന്തുകൊണ്ടാണ്? അവിടെയാണ് അഴിമതിയുടെ വിഷയം

വരുന്നത്. ഈ പണം ചെല്ലേണ്ടിടത്ത് ചെന്ന് ആത്യന്തികമായി വില പിടിച്ചുനിർത്തി ജനങ്ങൾക്ക് പ്രയോജനമുണ്ടാകുന്ന തരത്തിലേക്ക് എത്തിച്ചേരുന്നില്ല. റേഷൻ കടകളിൽ സാധനമില്ല. സമ്പൂർണ്ണമായും വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. പൊതുവിപണിയിലെ ഇടപെടലിൽ പൂർണ്ണമായും പരാജയപ്പെട്ട ഒരു ഗവൺമെന്റാണിത്. ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമെന്ന നിലയിൽ ആ വിഷയങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകേണ്ടതായിരുന്നു. അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇന്ന് ജനങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രശ്നം ചർച്ച ചെയ്യണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെട്ടത്. ആ പ്രശ്നത്തോടുപോലും നിങ്ങൾ കാണിക്കുന്ന സമീപനം പ്രതിപക്ഷത്തിന്റെ സഹകരണം അർഹിക്കുന്ന ഒരു നിലപാടല്ല. ആ നിലപാട് തിരുത്തണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ആ നിലപാട് തിരുത്തുന്ന ഒരു സമീപനം

സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)